(സി) 1. പ്രധാനമായും സർക്കാരിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗം
2. സന്നദ്ധ സംഘടനകളും വ്യക്തികളും
3. 1992-93-ൽ പഞ്ചായത്ത് കമ്മിററികൾ (160 കമ്മിററികൾ പങ്കെടുത്തു)

## വന്യജീവി സങ്കേതങ്ങളുടെ പരിധിക്കുള്ളിൽ വനവൽക്കരണം

66 [4722] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി സങ്കേതങ്ങളുടെ പരിധിക്കുള്ളിൽ വനവൽക്കരണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വന്യജീവി സങ്കേതങ്ങളുടെ പരിധിക്കുള്ളിൽ വിവിധ ഇനങ്ങളിൽ ഇതുവരെയായി 29754·80 ഹെക്ടർ സ്ഥലത്ത് വനവൽക്കരണം നടത്തിയിട്ടുണ്ട്. അവയുടെ ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

## ചന്ദനമരങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

67 [4723] ശ്രീ. പാച്ചേനി കുഞ്ഞിരാമൻ:
,, ടി. ചാത്തു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിലുള്ള ചന്ദന വൃക്ഷങ്ങളുടെ എണ്ണം കുറഞ്ഞുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചന്ദനമരങ്ങൾ കൂടുതൽ വച്ചുപിടിപ്പിക്കുന്നതിനും നിലവിലുള്ളവയെ സംരക്ഷിക്കുന്നതിനുമായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; ഇതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സ്വാഭാവികമായി ചന്ദനം വളരുന്ന പ്രദേശങ്ങളിൽ ചന്ദന വൃക്ഷത്തിന്റെ വേരുകളിൽനിന്നും വംശവർദ്ധന നടത്തുന്നതിനും അവ സംരക്ഷിക്കുന്നതിനും വേണ്ട ജോലികൾ ചെയ്തുവരുന്നു. എട്ടാം പഞ്ചവൽസര പദ്ധതിയിൽ ഇതിനായി 13·454 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം IV—(തുടർച്ച)

| | | |
|---|---|---|
| 6. Librarian, Mahathma Gandhi University | .. | Member |
| 7. Librarian, Calicut University | .. | Member |
| 8. A representative each of Private College and Government College Librarians (to be nominated by Director of Collegiate Education) | .. | Member |

2. The Committee shall submit its report to Government within six months.

(By order of the Governor)

T. N. JAYACHANDRAN,
*Commissioner and Secretary*
*(Higher Education)*

## അനുബന്ധം V

[7-8-1995-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 66(4722) കാണുക]

| ഇനം | | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| യൂക്കാലിപ്റ്റസ് | .. | 9569·3 |
| തേക്ക് | .. | 16192·7 |
| മുള | .. | 73·2 |
| ചന്ദനം | .. | 11·1 |
| ഈട്ടി | .. | 15·0 |
| മഹാഗണി | .. | 6·5 |
| കശുമാവ് | .. | 30·0 |
| വെള്ളമരങ്ങൾ | .. | 343·7 |
| കാററാടി മരം | .. | 11·8 |
| കോംഗോ ഗ്രാസ് | .. | 70·1 |
| കുരുമുളക് | .. | 209·5 |
| മുരുക്ക് | .. | 5·2 |
| അക്കേഷ്യ | .. | 164·3 |
| ഗ്രിവില്ല റോബസ്ററ | .. | 742·9 |
| മിശ്രിത തോട്ടങ്ങൾ | .. | 2048.6 |
| അൽബീസിയ | .. | 126·8 |
| വിറക് വൃക്ഷങ്ങൾ | .. | 47·0 |
| മററ് ഇന മരങ്ങൾ | .. | 45·1 |
| റബ്ബർ | .. | 42·0 |
| ആകെ | | 29754·8 |

LIBRARY ARCHIVES Kerala Legislative Assembly